പഠനം

നജീബ് മൗലവി




മക്കയിലെ അവിശ്വാസികൾ മുഴുവൻ മുശ്‌രിക്കുകളല്ല. ശിർക്കല്ലാത്ത അബദ്ധ വിശ്വാസങ്ങൾ കൊണ്ട് കാഫിറായവരും അവരുടെ കൂട്ടത്തിലുണ്ട്. ശിർക്കും കുഫ്റും ഒരേ അർത്ഥത്തിലുള്ള പര്യായപദങ്ങളായി മനസ്സിലാക്കിയ കൂപമണ്ഡൂകങ്ങളും വഹ്ഹാബികളിലുണ്ട്. അവരുടെ അറിവിനായി ചിലതു കുറിക്കട്ടെ.

കാഫിറാകുകയെന്നത് പല കാരണങ്ങളാലുണ്ടാകും. വിശ്വാസത്തിൽ വരുന്ന യഥാർത്ഥ കുഫ്റുതന്നെ പലവിധത്തിൽ സംഭവിക്കുമല്ലോ. അല്ലാഹുവിനെക്കുറിച്ചുള്ള വിശ്വാസത്തിൽ, നുബുവ്വത്തിനെ സംബന്ധിച്ച കാര്യങ്ങളിൽ, മലക്കുകളും വേദങ്ങളും സംബന്ധിച്ച വിശ്വാസത്തിൽ, പരലോകത്തെ കാര്യങ്ങളിൽ എന്നിങ്ങനെ പലവിധത്തിൽ കുഫ്റ് സംഭവിക്കാം. ശിർക്കാവട്ടെ, അല്ലാഹുവിലുള്ള വിശ്വാസത്തെ മാത്രം ബാധിക്കുന്ന ഒരു കുഫ്റാണ്. അതായത്, തൗഹീദിനു വിരുദ്ധമായ ബഹുദൈവ വിശ്വാസം. നുബുവ്വത്ത് നിഷേധിച്ചാൽ മുശ്‌രിക്കല്ല; കാഫിറാണ്. പുനർജ്ജന്മം നിഷേധിച്ചാൽ ശിർക്കല്ല; കുഫ്റാണ്. സ്വർഗ്ഗ-നരകങ്ങൾ അവിശ്വസിച്ചാൽ അതും കുഫ്റാണ്; ശിർക്കല്ല. അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കാതെ ബഹുദൈവത്വം സ്വീകരിക്കുകയെന്നതു മാത്രമാണ് ശിർക്കും കുഫ്റുമാകുന്നത്. മറ്റെല്ലാ കുഫ്റുകളും ശിർക്കല്ലാത്ത അവിശ്വാസമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, മുശ്‌രിക്കുകളെല്ലാം കാഫിറുകളാണെങ്കിലും കാഫിറുകളെല്ലാം മുശ്‌രിക്കുകളല്ല. വ്യാപകാർത്ഥവും വിവിധയിനങ്ങളുമുള്ള കുഫ്റിലെ അതിഗൗരവതരമായ ഒരു ഇനം മാത്രമാണു ശിർക്ക്. ഈ വസ്തുത മനസ്സിലാക്കാതെ ബഹുവിധ കാഫിറുകളെയും അവരുടെ വിവിധയിനം അവിശ്വാസങ്ങളെയും കൈകാര്യം ചെയ്യുന്ന ഖുർആൻ ആയത്തുകൾ എടുത്തുവച്ച് എല്ലാം ശിർക്കാണെന്നു തെറ്റുധരിക്കുകയും തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്ന രീതിയാണ് പല വഹ്ഹാബി പ്രബോധകരും സ്വീകരിക്കാറുള്ളത്.

മക്കമുശ്‌രിക്കുകളെയും അവരുടെ ദുഷിച്ച ആചാരങ്ങളെയും സംബന്ധിച്ചും അവരുടെ മറ്റുപല അബദ്ധവിശ്വാസങ്ങളെക്കുറിച്ചുമെല്ലാം ഖുർആനിൽ ആയത്തുകളുണ്ട്. മുശ്‌രിക്കുകളല്ലാത്ത കാഫിറുകളെ സംബന്ധിച്ചും ഖുർആനിൽ ഖണ്ഡനങ്ങളുണ്ട്. ഇതെല്ലാമെടുത്തുവച്ച് ഏതബദ്ധങ്ങളെയും ശിർക്ക്, ശിർക്ക് എന്നാരോപിക്കുന്നത് ഒരുതരം കിറുക്കു തന്നെയാണ്. ശിർക്കിനെ മാത്രമേ ഖുർആൻ ഖണ്ഡിച്ചിട്ടുള്ളൂവെന്നും മുശ്‌രിക്കുകളെപ്പറ്റി മാത്രമേ ഖുർആൻ പരാമർശിച്ചിട്ടുള്ളൂവെന്നും ധരിക്കാമോ? എത്ര മൗഢ്യമാണത്!

ഈ മൂഢധാരണയോടെയാണ് പല വഹ്ഹാബികളും ഖുർആൻ ആയത്തുകൾ കൈകാര്യം ചെയ്യാറുള്ളത്. ശിർക്കല്ലാത്ത ഒരു കുഫ്റിനെയും, ശിർക്കും കുഫ്റുമല്ലാത്ത ഒരു ളലാലിനെയും ഖുർആൻ പരാമർശിച്ചിട്ടില്ലെന്നതു പോലെയാണ് ഇവരുടെ പെരുമാറ്റം! അങ്ങനെയെങ്കിൽ മക്കമുശ്‌രിക്കുകളുടെ ശിർക്കല്ലാത്ത ഒരു ശിർക്കുമില്ലെന്നും, അവർക്കു ശിർക്കല്ലാത്ത മറ്റൊരബദ്ധ വിശ്വാസവുമില്ലെന്നും വരും. ഇതെല്ലാം

തികഞ്ഞ വിവരക്കേടല്ലാതെ മറ്റെന്താണ്! വാസ്തവത്തിൽ അല്ലാഹുവിന്റെ റസൂൽ(സ) എല്ലാ കാലത്തേക്കും എല്ലാ ജനതയിലേക്കുമുള്ള റസൂലാണെന്നതു പോലെ എല്ലാ വിഭാഗം ജനങ്ങളിലേക്കും എക്കാലത്തേക്കുമുള്ള വേദമാണ് വിശുദ്ധഖുർആൻ. അതിനാൽതന്നെ, നബി(സ)യുടെ നേരിട്ടുള്ള സംബോധിതരായ ജനതയെക്കുറിച്ചും അവരുടെ അബദ്ധവിശ്വാസങ്ങളെപ്പറ്റിയും മാത്രമല്ല, ഏതു കാലത്തും ഏതു രാജ്യത്തുമുള്ള അവിശ്വാസങ്ങളെപ്പറ്റിയും അബദ്ധങ്ങളെപ്പറ്റിയും ഖുർആനിൽ പരാമർശമുണ്ടാകും. വിവിധയിനം ശിർക്കുകളുടെയും വ്യത്യസ്ത അബദ്ധങ്ങളുടെയും ഖണ്ഡനങ്ങളും ഖുർആനിലുണ്ട്. പല കാലത്തുള്ള മുശ്രിക്കുകളോട് അവരുടെ അബദ്ധവാദങ്ങൾക്കനുസരിച്ച് അവരവരുടെ പ്രവാചകന്മാർ നടത്തിയ സംവാദങ്ങളും ഖണ്ഡനങ്ങളും ഖുർആൻ ഉദ്ധരിച്ചിട്ടുള്ളതുപോലെ, ബഹുവിധ ശിർക്കൻവാദങ്ങൾക്കുള്ള ഖണ്ഡനങ്ങളും പലതരം മുശ്രിക്കുകളോടും കാഫിറുകളോടുമുള്ള പ്രതികരണങ്ങളും ഖുർആനിൽ കാണാം. ഇതെല്ലാംകൂടി കൂട്ടിക്കുഴച്ച് മക്കമുശ്രിക്കുകളുടെ മേലിൽ ചുമത്തി എല്ലാ അബദ്ധങ്ങളും ശിർക്കാണെന്നു സാമാന്യവല്ക്കരിക്കുന്നത് അബദ്ധമാണ്. ഇതുപോലെ മക്കമുശ്രിക്കുകളിൽ തന്നെയുള്ള പലവിധ വാദക്കാരോട് പലപ്പോളായി നടത്തിയിട്ടുള്ള ഖണ്ഡനങ്ങളെയും പ്രതികരണങ്ങളെയും കൂട്ടിച്ചേർത്തുകൊണ്ട് മക്കയിലെ മുശ്രിക്കുകളെല്ലാം ഒരേ ശിർക്കുകാരും ഒരേ വാദക്കാരുമാണെന്നു വരുത്തുന്നതും അജ്ഞതയാണ്. എല്ലാ ജനതയിലേക്കും എക്കാലത്തേക്കുമുള്ള റസൂലായി നിയോഗിക്കപ്പെട്ട നബി(സ)തങ്ങൾ എല്ലാ ഇനത്തിലുള്ള കാഫിറുകളെക്കൊണ്ടും പരീക്ഷിക്കപ്പെട്ടിട്ടുള്ളവരാണ്.

> **മുശ്‌രിക്കുകളെല്ലാം കാഫിറുകളാണെങ്കിലും കാഫിറുകളെല്ലാം മുശ്‌രിക്കുകളല്ല. വ്യാപകാർത്ഥവും വിവിധയിനങ്ങളുമുള്ള കുഫ്‌റിലെ അതിഗൗരവതരമായ ഒരു ഇനം മാത്രമാണു ശിർക്ക്.**

പൂർവ്വ നബിമാരുടെ കാലത്തുള്ളതു മാത്രമല്ല, ഭാവിയിൽ വരാനിരിക്കുന്നതായ മുഴുവൻ ഇനം കുഫ്റുകളെയും കാഫിറുകളെയും സംബന്ധിച്ചും വിശുദ്ധഖുർആനും തിരുനബി(സ)യും സംസാരിച്ചിട്ടുണ്ട്. സന്ദർഭവും സാഹചര്യവും നോക്കി മനസ്സിലാക്കിയാണ് ഇതെല്ലാം വായിച്ചെടുക്കാൻ കഴിയുക. കേവലം പദാർത്ഥങ്ങളും പരിഭാഷയും നോക്കി ഇത്തരം ആയത്തുകൾ കൈകാര്യം ചെയ്യാവതല്ല. അവിശ്വാസികളുടെ വിചാരങ്ങളും വാദങ്ങളും പരിഗണിച്ചിറങ്ങിയിട്ടുള്ള ആയത്തുകളെടുത്ത് വിശ്വാസികളുടെ മേൽ ചുമത്താവതുമല്ല. ദൗർഭാഗ്യവശാൽ ഇത്തരം അബദ്ധങ്ങളും അക്രമങ്ങളുമാണ് ബിദ്അത്തുകാർ എന്നും നടത്താറുള്ളത്. അവിശ്വാസികളെക്കുറിച്ചു പറഞ്ഞ ആയത്തുകൾ സ്വഹാബത്തിന്റെ മേൽ ചുമത്തി അവരിൽ കുഫ്റാരോപിച്ച ഖവാരിജുകളുടെ അതേ നയമാണ് മുശ്രിക്കുകളിൽ അവതരിച്ച ആയത്തുകളെടുത്തുവച്ച് സത്യവിശ്വാസികളായ സുന്നികളിൽ ചുമത്തി അവരിൽ ശിർക്കാരോപിക്കുന്ന വഹ്ഹാബികളും അനുവർത്തിക്കുന്നത്. ഇതിൽ തെറ്റിദ്ധരിച്ചിട്ടുള്ളവരും നിഷ്പക്ഷരുമായ വായനക്കാരെ ഉദ്ദേശിച്ച് നബി(സ)യും ഖുർആനും സംബോധന ചെയ്യുന്ന വിവിധയിനം കാഫിറുകളെ സംബന്ധിച്ച് ഇമാം റാസി(റ) നല്കുന്ന ഒരു ലഘു വിവരണം ഇവിടെ ഉദ്ധരിക്കാം. മാനവരാശിയെ വിളിച്ച് സ്രഷ്ടാവായ റബ്ബിനെ ഇബാദത്തു ചെയ്യണമെന്നാഹ്വാനം ചെയ്യുന്ന ആദ്യ ഖുർആനായത്തിന്റെ വിശദീകരണത്തിനുള്ള മുഖവുരയായാണ് മഹാനവർകൾ ഇതു കുറിച്ചിട്ടുള്ളത്.

وأما محمد عليه الصلاة والسلام فاشتغاله بالدلائل على التوحيد والنبوة والمعاد أظهر من أن يحتاج فيه إلى التطويل، فإن القرآن مملوء منه ولقد كان عليه السلام مبتلى بجميع فرق الكفار فالأول: الدهرية الذين كانوا يقولون: { وَمَا يُهْلِكُنَا إِلاَّ الدَّهْرُ }[الجاثية: 24] والله تعالى أبطل قولهم بأنواع الدلائل.

والثاني: الذين ينكرون القادر المختار، والله تعالى أبطل قولهم بحدوث أنواع النبات وأصناف الحيوانات مع اشتراك الكل في الطبائع وتأثيرات الأفلاك، وذلك يدل على وجود القادر. والثالث: الذين أثبتوا شريكاً مع الله تعالى، وذلك الشريك إما أن يكون علوياً أو سفلياً، أما الشريك العلوي فمثل من جعل الكواكب مؤثرة في هذا العالم، والله تعالى أبطله بدليل الخليل في قوله: { فَلَمَّا جَنَّ عَلَيْهِ الَّيْلُ } وأما الشريك السفلي فالنصارى قالوا بإلاهية المسيح وعبدة الأوثان قالوا: بإلاهية الأوثان، والله تعالى أكثر من الدلائل على فساد قولهم. الرابع: الذين طعنوا في النبوة وهم فريقان: أحدهما: الذين طعنوا في أصل النبوة وهم الذين حكى الله عنهم أنهم قالوا: { أَبَعَثَ اللَّهُ بَشَراً رَّسُولاً }.[الإسراء: 94]

والثاني: الذين سلموا أصل النبوة وطعنوا في نبوة محمد صلى الله عليه وسلم، وهم اليهود والنصارى، والقرآن مملوء من الرد عليهم، ثم إن طعنهم من وجوه تارة بالطعن في القرآن فأجاب الله بقوله:

{ إِنَّ اللَّهَ لاَ يَسْتَحْىِ أَن يَضْرِبَ مَثَلاً مَّا بَعُوضَةً }[البقرة: 26] وتارة بالتماس سائر المعجزات كقوله:

{ وَقَالُواْ لَن نُّؤْمِنَ لَكَ حَتَّى تَفْجُرَ لَنَا مِنَ الأَرْضِ يَنْبُوعًا }[الإسراء: 90]

وتارة بأن هذا القرآن نزل نجماً نجماً وذلك يوجب تطرق التهمة إليه فأجاب الله تعالى عنه بقوله:

{ كَذَٰلِكَ لِنُثَبِّتَ بِهِ فُؤَادَكَ }[الفرقان: 32].

الخامس: الذين نازعوا في الحشر والنشر، والله تعالى أورد على صحة ذلك وعلى إبطال قول المنكرين أنواعاً كثيرة من الدلائل. السادس: الذين طعنوا في التكليف تارة بأنه لا فائدة فيه، فأجاب الله عنه بقوله:

{ إِنْ أَحْسَنتُمْ أَحْسَنتُمْ لأَنفُسِكُمْ وَإِنْ أَسَأْتُمْ فَلَهَا }[الإسراء: 7]

وتارة بأن الحق هو الجبر، وأنه ينافي صحة التكليف، وأجاب الله تعالى عنه بأنه

{ لاَ يُسْأَلُ عَمَّا يَفْعَلُ وَهُمْ يُسْـئَلُونَ }[الأنبياء: 23]

وإنما اكتفينا في هذا المقام بهذه الإشارات المختصرة لأن الاستقصاء فيها مذكور في جملة هذا الكتاب

**تفسير الكبير: ٢-٩٩، ١٠٠**

(നമ്മുടെ മുഹമ്മദ് മുസ്ഥഫാ(സ) ഏകദൈവത്വം, പ്രവാചകത്വം, പരലോകം എന്നിവക്ക് തെളിവുകൾ നിരത്തുന്നതിൽ നിരതരായിരുന്നുവെന്ന കാര്യം നീട്ടിപ്പറയേണ്ടതില്ലാത്ത വിധം വ്യക്തമാണ്. ഖുർആനിലിത് നിറഞ്ഞു നില്ക്കുകയാണ്. തിരുമേനി(സ)യാകട്ടെ, കാഫിറുകളിൽ എല്ലാതരം വിഭാഗങ്ങളെക്കൊണ്ടും പരീക്ഷിക്കപ്പെട്ടിട്ടുള്ളവരായിരുന്നു.

ഒന്ന്, കാലമാണ് നമ്മെ നശിപ്പിക്കുന്നതെന്നു പറഞ്ഞ ദൈവനിഷേധികളായ പദാർത്ഥവാദികൾ. അവരുടെ ആ വാദത്തെ വിവിധയിനം തെളിവുകൾ കൊണ്ട് നബി(സ) തകർത്തു.

രണ്ട്, സ്വതന്ത്രകഴിവുള്ള ദൈവത്തെ നിഷേധിക്കുന്നവർ. വിവിധയിനം ഉല്പന്നങ്ങളും പലയിനം ജീവികളും പ്രകൃതിയിലും ഗോളങ്ങളുടെ പരിവർത്തനങ്ങളിലും ഒരുപോലെ കുറായിരുന്നിട്ടും വ്യത്യസ്ത ഗുണ

ങ്ങളോടെ ഉണ്ടാകുന്നുവെന്ന തെളിവു നിരത്തിയാണ് ഇവരുടെ വാദത്തെ അല്ലാഹു തകർത്തത്. സ്വതന്ത്രനായ കഴിവുറ്റ ഒരു സ്രഷ്ടാവുണ്ടെന്ന് ഇതു തെളിയിക്കുമല്ലോ.

**മൂന്ന്, അല്ലാഹുവിനോടൊപ്പം മറ്റു ദൈവങ്ങളെയും സ്ഥാപിച്ചിരുന്നവർ.** ഈ ഷെയർദൈവങ്ങൾ ആകാശലോകത്തുള്ളതോ ഭൂമി ലോകത്തുള്ളതോ ആകാം. ഉപരിലോകത്തെ ദൈവങ്ങളിൽ വിശ്വസിച്ചിരുന്നവർ നക്ഷത്രങ്ങളെ ഈ പദാർത്ഥലോകത്തിൽ സ്വാധീനം ചെലുത്തുന്നവയായി വാദിച്ചിരുന്നവരെപ്പോലുള്ളവരാണ്. ഇബ്റാഹീംനബി(അ) തന്റെ കാലത്തെ നക്ഷത്രപൂജകർക്കെതിരെ നിരത്തിയ തെളിവുകൾ കൊണ്ട് ഇവരുടെ വാദത്തെയാണ് അല്ലാഹു തകർക്കുന്നത്. ഭൂമിയിലെ ദൈവങ്ങളിൽ വിശ്വസിക്കുന്നവർ, യേശു ദൈവമാണെന്ന് ജല്പിക്കുന്ന കൃസ്ത്യാനികളും, വിഗ്രഹങ്ങൾ ദൈവമാണെന്നു പറയുന്ന ബിംബാരാധകരുമാണ്. ഇവരുടെ വാദം നിരർത്ഥമാണെന്നതിനാണ് അല്ലാഹു കൂടുതൽ തെളിവുകൾ നിരത്തിയിട്ടുള്ളത്.

**നാല്, നുബുവ്വത്തിൽ ആക്ഷേപമുന്നയിച്ച കാഫിറുകൾ.** ഇവർ രണ്ടു വിഭാഗമാണ്. ഒന്ന്, മനുഷ്യപ്രവാചകത്വത്തിൽ തന്നെ ആക്ഷേപം പറഞ്ഞവർ, 'അല്ലാഹു മനുഷ്യനെ റസൂലാക്കുകയോ?!' എന്നു പറഞ്ഞതായി അല്ലാഹു ഉദ്ധരിച്ചത് ഇവരെപ്പറ്റിയാണ്. രണ്ട്, പ്രവാചകത്വത്തെ അടിസ്ഥാനപരമായി സമ്മതിക്കുന്നതോടൊപ്പം മുഹമ്മദ് നബി(സ)യുടെ നുബുവ്വത്തിൽ ആക്ഷേപമുന്നയിച്ചവർ. ജൂതരും ക്രിസ്ത്യാനികളുമാണിവർ. ഖുർആൻ ഇവർക്കെതിരിലുള്ള ഖണ്ഡനത്താൽ നിറഞ്ഞുകിടക്കുകയാണ്. പ്രവാചകത്വനിഷേധികൾ ചിലപ്പോൾ ഖുർആനിനെ ആക്ഷേപിച്ചുകൊണ്ടാണ് തങ്ങളുടെ നിഷേധം പ്രകടിപ്പിക്കാറുള്ളത്. ചെള്ള്, കൊതുക്, മൂട്ട പോലുള്ളതൊന്നും ഉപമയാക്കുന്നത് അല്ലാഹു ഒഴിവാക്കുകയില്ലെന്ന ആയത്തു കൊണ്ട് ഇതിന്നാണ് അല്ലാഹു മറുപടി നല്കുന്നത്. മറ്റുചിലപ്പോൾ ഇവർ ഖുർആനല്ലാത്ത മുഅ്ജിസത്തുകൾ തേടിക്കൊണ്ടാണ് പ്രവാചകരെ നിഷേധിക്കുന്നത്. ഭൂമിയിൽ ഒരുറവിടം പൊട്ടിമുളപ്പിക്കാതെ നിന്നെ ഞങ്ങളംഗീകരിക്കുകയില്ലെന്നു പറഞ്ഞ ആയത്തിലുള്ളതുപോലെ. ഖുർആൻ ഗഡുക്കളായി ഇറങ്ങുന്നുവെന്നും ഇതു തെറ്റിദ്ധാരണാജനകമാണെന്നും പറഞ്ഞുകൊണ്ടാണ് വേറെ ചിലപ്പോൾ ഇവർ ആക്ഷേപിക്കുന്നത്. തങ്ങളുടെ ഹൃദയത്തിന് ദൃഢത ലഭിക്കുന്നതിനും മറ്റുമാണ് ഇങ്ങനെ ചെയ്യുന്നതെന്ന വാക്കുകൊണ്ട് അല്ലാഹു മറുപടി നല്കിയത് ഇതിനാണ്.

**അഞ്ച്: പുനർജന്മത്തിലും മഹ്ശറിൽ ഒരുമിച്ചു കൂട്ടുന്നതിലും തർക്കമുള്ളവർ.** ഇത് യാഥാർത്ഥ്യവും ശരിയുമാണെന്നതിനും നിഷേധികളുടെ വാദം മിഥ്യയാണെന്നതിനും ധാരാളം ഇനം തെളിവുകളാണ് അല്ലാഹു നിരത്തിയിട്ടുള്ളത്.

**.ആറ്: അല്ലാഹുവിന്റെ വിധിവിലക്കുകളിൽ ആക്ഷേപമുന്നയിച്ചവർ.** അതിലെന്തു കാര്യം? എന്നാണു ചിലപ്പോൾ അവർ ചോദിച്ചത്. നിങ്ങൾ നന്മ ചെയ്യുന്നത് നിങ്ങൾക്കു പുണ്യത്തിനു വേണ്ടിതന്നെയാണെന്നും തിന്മകളുടെ ശിക്ഷ നിങ്ങൾതന്നെയാനുഭവിക്കുന്നതെന്നുമുള്ള പരാമർശം ഇവർക്കു മറുപടിയായാണ് അല്ലാഹു നടത്തിയത്. മറ്റുചിലപ്പോൾ, കർമ്മങ്ങൾ അല്ലാഹുതന്നെ ചെയ്യിക്കുന്നതല്ലേ? പിന്നെ സൃഷ്ടികൾക്കു നിർദ്ദേശ-നിരോധനങ്ങൾ നല്കുന്നതു ശരിയല്ലല്ലോ എന്നാണവരുന്നയിച്ചത്. അല്ലാഹുവിന്റെ പ്രവൃത്തി ചോദ്യംചെയ്യപ്പെടാത്തതാണ്; നിങ്ങളുടെ പ്രവൃത്തി അല്ലാഹു ചോദ്യം ചെയ്യുമെന്നു സാരം വരുന്ന വാക്കു കൊണ്ട് ഇവർക്കാണു മറുപടി.

ഈ ചെറുചൂണ്ടലുകൾ കൊണ്ട് ഇവിടെ നാം മതിയാക്കുകയാണ്. തികച്ചു പറയാൻ ഈ കിതാബിൽ ഉടനീളമായാണുദ്ദേശിക്കുന്നത്. തഫ്സീർ റാസി 2-99,100).

ഖുർആൻ ഖണ്ഡിക്കുകയും വിതണ്ഡവാദങ്ങൾ പൊളിക്കുകയും ചെയ്ത അവിശ്വാസികൾ പലവിധമുണ്ടെന്നും തൗഹീദിലും നുബുവ്വത്തിലും ആഖിറത്തിലും അവിശ്വസിച്ച വിഭാഗങ്ങൾ തന്നെ ഉന്നയിച്ചിരുന്ന വാദങ്ങളും ആക്ഷേപങ്ങളും പലതായിരുന്നുവെന്നുമാണല്ലോ ഈ വിവരണത്തിൽ സമർത്ഥിക്കപ്പെട്ടത്. ബഹുദൈവവിശ്വാസികളിൽ തന്നെ ഉപരിലോകദൈവങ്ങളിലും ഭൂമിലോകദൈവങ്ങളിലും വിശ്വസിച്ചിരുന്നവർ ഉണ്ടായിരുന്നുവെന്നും ഇവരുടെയെല്ലാം വാദങ്ങളെ ഖുർആൻ ഖണ്ഡിച്ചിട്ടുണ്ടെന്നും ഈ വിവരണത്തിൽ വ്യക്തമായുണ്ട്. ഇതെല്ലാം നബി(സ)യുടെ നേർമുമ്പിലുള്ള സംബോധിതരായ-അറബുലോകത്തു തന്നെ സുപരിചിതമാ

വിഗ്രഹപൂജകർ തന്നെ എല്ലാവരും തങ്ങളുടെ വിഗ്രഹദൈവങ്ങളെ ഒരേ നിലവാരത്തിലല്ല കാണുന്നത്. സ്വതന്ത്ര കഴിവുള്ള ദൈവങ്ങളായും ഭാഗികകഴിവുള്ള കുട്ടിദൈവങ്ങളായും വലിയദൈവത്തിലേക്കുള്ള ശുപാർശകദൈവങ്ങളായും ഉപരിലോകത്തെ ദൈവങ്ങളുടെ കേവലം ബിംബങ്ങളും പ്രതിരൂപങ്ങളുമായെല്ലാം വിഗ്രഹദൈവങ്ങളെ വിലയിരുത്തുന്ന വ്യത്യസ്ത ഗ്രൂപ്പുകൾ അവരിലുണ്ട്.

യിരുന്ന കാഫിറുകളാണ്. അവരുടെ വ്യത്യസ്ത വാദങ്ങളെ ഖണ്ഡിച്ചുകൊണ്ടുള്ള സമർത്ഥനങ്ങളും വിവിധ ആക്ഷേപങ്ങൾക്കുള്ള മറുപടികളും ഇമാം റാസി ചെറിയ രൂപത്തിൽ സൂചിപ്പിക്കുകയുണ്ടായി. അത്തരം വാദങ്ങൾ വിലയിരുത്താതെ അവയുടെ ഖണ്ഡനങ്ങൾ മാത്രമെടുത്താൽ അവ്യക്തതകളും തെറ്റിദ്ധാരണകളുമുണ്ടാകുമെന്നു വ്യക്തമാണല്ലോ. ഒരു വിഭാഗത്തോട് അവരുടെ നിലപാടനുസരിച്ചു നടത്തിയ വിമർശനവും ആക്ഷേപവും ആ നിലപാടില്ലാത്ത മറ്റൊരു വിഭാഗത്തിനു ചേരുകയില്ലെന്നതും തീർച്ചയാണ്. ഉദാഹരണമായി കാഴ്ചയും കേൾവിയുമില്ലാത്ത കല്ലുദൈവങ്ങളെ പൂജിച്ചിരുന്ന ജനങ്ങളെ ബോധീകരിക്കുന്നതിനായി ഇബ്റാഹീം നബി(അ) പറഞ്ഞ ചില വാചകങ്ങൾ ഖുർആൻ ഉദ്ധരിക്കുന്നുണ്ട്.

اذْ قَالَ لِأَبِيهِ يَا أَبَتِ لِمَ تَعْبُدُ مَا لَا يَسْمَعُ وَلَا يُبْصِرُ وَلَا يُغْنِي عَنكَ شَيْئًا – مريم

(ഇബ്റാഹീം നബി(അ) തന്റെ പിതാവിനോട് അഥവാ വളർത്തു പിതാവായ പിതൃവ്യനോട് പറഞ്ഞു: പൊന്നുപിതാവേ, കേൾവിയും കാഴ്ചയുമില്ലാത്ത, നിങ്ങളെത്തൊട്ട് ഒരുകേടും തടുക്കാൻ കഴിയാത്ത ഒരു വസ്തുവിനെ-കല്ലിനെ നിങ്ങളെന്തിനു പൂജിക്കണം?!-സൂറ: മർയം)

اذْ قَالَ لِأَبِيهِ وَقَوْمِهِ مَا تَعْبُدُونَ قَالُوا نَعْبُدُ أَصْنَامًا فَنَظَلُّ لَهَا عَاكِفِينَ. قَالَ هَلْ يَسْمَعُونَكُمْ

اذْ تَدْعُونَ أَوْ يَنفَعُونَكُمْ أَوْ يَضُرُّونَ–الشعراء

(തന്റെ പിതാവിനോടും ജനങ്ങളോടും ഇബ്റാഹീം നബി ചോദിച്ചു. നിങ്ങളെന്തിനെയാണ് പൂജിക്കുന്നതെന്ന്. അവർ പ്രതികരിച്ചത് ഞങ്ങൾ വിഗ്രഹദൈവങ്ങളെ പൂജിക്കുന്നു; അവയ്ക്കു മുമ്പിൽ ഭജനമിരിക്കുന്നു എന്നാണ്. തത്സമയം ഇബ്റാഹീം നബി ചോദിച്ചു: നിങ്ങൾ വിളിച്ചാൽ ഈ ദൈവങ്ങൾ വിളി കേൾക്കുമോ?! അവന്മാർ പൂജയുടെ പേരിൽ നിങ്ങൾക്ക് വല്ല ഉപകാരവും ചെയ്യുമോ?! പൂജിച്ചില്ലെങ്കിൽ ഉപദ്രവിക്കുമോ?!- സൂറ: ശുഅറാഅ്)

ഈ ആയത്തുകളുദ്ധരിച്ചുകൊണ്ട് കേൾവിയും കാഴ്ചയുമുള്ള-ഉപകാരവും ഉപദ്രവും ചെയ്യുന്ന ആൾദൈവങ്ങളെ പൂജിക്കാമെന്നും അതിനു കഴിവില്ലാത്ത ദൈവങ്ങളെ ആരാധിക്കുന്നതിനെയാണ് ശിർക്കിന്റ ഭഞ്ജകനായ ഇബ്റാഹീം നബി(അ) ചോദ്യം ചെയ്തതെന്നും അതിനെ ശരിവച്ചാണ് അല്ലാഹു ഉദ്ധരിച്ചതെന്നും ഇന്നത്തെ ആൾദൈവ വിശ്വാസികൾ വാദിച്ചാൽ എങ്ങനെയിരിക്കും! യഥാർത്ഥത്തിൽ അക്കാലത്തെ- എക്കാലത്തെയും- ബിംബാരാധകരെ തട്ടിയുണർത്താനും ചിന്തിപ്പിക്കാനുമുതകുന്ന ഉദ്ബോധനപരമായ ഒരു ചോദ്യമാണിത്. ശിർക്കെന്ന അബദ്ധ വിശ്വാസത്തെ തകർക്കുന്ന ഖണ്ഡിതപ്രമാണമല്ല. ആദ്യത്തേതിന് دلائل اقناعية എന്നാണുപേർ-എതിരാളികൾ സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന തെളിവുകൾ. രണ്ടാമത്തേതിന് حجة قطعية- എതിരാളിയെ നിഷ്പ്രഭമാക്കുന്ന ഖണ്ഡിതപ്രമാണമെന്നും പറയും. ഇത്തരം ഉദ്ബോധനപരമായ ആയത്തുകളെടുത്തുകാട്ടി നിഷേധരൂപത്തിലുള്ള ചോദ്യങ്ങളുന്നയിക്കാൻ ഖുർആനിന്റെ വിരോധികൾക്ക് ധാരാളം വകയുണ്ട്. സന്ദർഭവും പശ്ചാത്തലവും വാദങ്ങളും

പരിഗണിക്കാതെ അടർത്തിയെടുത്തുദ്ധരിക്കുന്നത് ഇതിനു വഴി വയ്ക്കും.

മക്കമുശ്രിക്കുകളെക്കുറിച്ചുള്ള ആയത്തുകളും ഇതേ രീതിയിലുള്ളതാണ്. അവരിൽ പലതരം ശിർക്കൻ വിശ്വാസികളുണ്ട്. വിഗ്രഹപൂജകർ തന്നെ എല്ലാവരും തങ്ങളുടെ വിഗ്രഹദൈവങ്ങളെ ഒരേ നിലവാരത്തിലല്ല കാണുന്നത്. സ്വതന്ത്രകഴിവുള്ള ദൈവങ്ങളായും ഭാഗികകഴിവുള്ള കുട്ടിദൈവങ്ങളായും വലിയദൈവത്തിലേക്കുള്ള ശുപാർശകദൈവങ്ങളായും ഉപരിലോകത്തെ ദൈവങ്ങളുടെ കേവലം ബിംബങ്ങളും പ്രതിരൂപങ്ങളുമായെല്ലാം വിഗ്രഹദൈവങ്ങളെ വിലയിരുത്തുന്ന വ്യത്യസ്ത ഗ്രൂപ്പുകൾ അവരിലുണ്ട്. ബഹുദൈവങ്ങൾ എക്കാലത്തും കുലദൈവങ്ങളാണല്ലോ. ഒരു കുലത്തിന്റെ ദൈവം മറ്റുകുലങ്ങൾക്കു സ്വീകാര്യമാവുകയില്ല. എല്ലാകുലങ്ങളും ദൈവങ്ങളോട് ഒരേ നിലപാടും വിശ്വാസവും പുലർത്തുന്നവരുമായിരിക്കുകയില്ല. അല്ലാഹുവിനൊപ്പം മറ്റു വസ്തുക്കളെയും ദൈവമായി കാണുന്നു, പൂജിക്കുന്നു എന്ന പോയന്റിൽ മാത്രമാണ് ബഹുദൈവ വിശ്വാസികളെല്ലാം സാമാന്യമായി ഒന്നിക്കുന്നത്. ദൈവങ്ങളിലും അവയെക്കുറിച്ചുള്ള സങ്കൽപങ്ങളിലും ഓരോ ദൈവത്തിനുമുള്ള പൂജാകർമ്മങ്ങളിലുമെല്ലാം അവർക്കിടയിൽ എക്കാലത്തും ഭിന്നിപ്പുണ്ട്. മക്കമുശ്രിക്കുകളിലും ഇതുണ്ടായിരുന്നു. ലാത്തദേവി ഒരു കുലത്തിന്റേതാണെങ്കിൽ, ഉസ്സാദേവി മറ്റൊരു കുലത്തിന്റേതാണ്. മനാത്ത വേറൊരു കുലത്തിന്റേതും. ഇനിയും അനേകം ദേവിമാരും ദേവന്മാരും അവർക്കുണ്ട്. അവരെല്ലാം തുല്ല്യരല്ലതാനും.

ഇവരെയെല്ലാം മൊത്തമായി ഖണ്ഡിച്ചുകൊണ്ട് തൗഹീദിന്റെ-ഏകദൈവത്വത്തിന്റെ തെളിവുകൾ നിരത്തുന്ന ആയത്തുകൾ പോലെ തന്നെ അവരിൽ ഓരോ വിഭാഗത്തിന്റെ വാദങ്ങളെയും നിലപാടുകളെയും ആക്ഷേപിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന വാക്യങ്ങളും ഖുർആനിലുണ്ട്. ആദിമ ശിർക്കു സമൂഹമായ നൂഹ്നബി(അ)യുടെ ജനത വിശ്വസിച്ചിരുന്ന ദൈവനാമങ്ങളിൽ തന്നെ- വദ്ദ്, സുവാഗ്, യഗൂസ്, യഊഖ്, നസ്റ്- മക്കമുശ്രിക്കുകൾക്കും ദേവന്മാരുണ്ടായിരുന്നല്ലോ. സഹസ്രാബ്ദങ്ങൾ എത്ര കടന്നുപോയ ശേഷമാണ് ഈ ദൈവനാമങ്ങൾ മക്കക്കാരിൽ പുനർജ്ജനിക്കുന്നത്! നൂഹ്നബി(അ)യുടെ ജനതയെയും അവരുടെ ദൈവങ്ങളെയും സമൂലം പ്രളയത്തിൽ മുക്കിനശിപ്പിച്ചിട്ടും ഈ ദൈവങ്ങളും ദൈവനാമങ്ങളും എങ്ങനെ പുനർജനിച്ചു? ഇതിനെല്ലാം പിന്നിൽ ചില സമാന ചിന്തകളും ചരിത്രങ്ങളുമുണ്ട്. ഇതൊന്നും വിലയിരുത്താതെ-കാണുന്നതും കേൾക്കുന്നതുമെല്ലാം ശിർക്ക്, ശിർക്ക് എന്നോരിയിടുന്നത് മാന്യന്മാർക്ക് ചേർന്നതല്ല. ഓരോ ആയത്തും ആരെ പരാമർശിച്ചുള്ളതാണെന്നും അവരുടെ വിശ്വാസവും നിലപാടും എന്തായിരുന്നുവെന്നും നോക്കിയാണ് വിലയിരുത്തേണ്ടത്. അവരിലെ വൈവിദ്ധ്യമോ വ്യത്യസ്ത വാദങ്ങളോ പരിഗണിക്കാതെ അവരെപ്പറ്റി പരാമർശമുള്ള ആയത്തുകൾ മനസ്സിലാക്കാവതല്ല. അസ്ഥാനത്ത് ഉപയോഗിക്കാവതുമല്ല. അതിനാൽ, ശിർക്കിന്റെ ചരിത്രവും അവരിലേക്ക് അതു കടന്നുവന്ന വഴികളും അവരിലുള്ള വ്യത്യസ്ത വീക്ഷണങ്ങളും അല്പം വിവരിക്കാം.